(ബി) ടൂറിസം മേഖലകളിലേയും, മെട്രോ നഗരങ്ങളിലേയും റോഡുകൾ ഇത്തരത്തിൽ പുനരുദ്ധരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ദേശീയപാതയുമായി ബന്ധപ്പെട്ട റോഡുകൾ കേന്ദ്ര സർക്കാരിന്റെ CRF പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത ആദ്യ നഗര റോഡ് വികസന പദ്ധതിയായ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 6 റോഡുകൾ വികസിപ്പിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. കണ്ണൂർ, മലപ്പുറം, കോട്ടയം നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. തൃശ്ശൂർ, കൊല്ലം എന്നീ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി

12 (*402) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്കും സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികൾ തൊഴിൽ അന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും.

(സി) സംസ്ഥാനത്തെ വ്യവസായ, വിവരസാങ്കേതിക വകുപ്പുകൾ, സർവ്വകലാശാലകൾ, ടെക്നോപാർക്ക് ടി.ബി.ഐ., കാക്കനാടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളിടെക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിൽ ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2014-15 വർഷം ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി 75 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി.

ടെക്നോളജി ബിസിനസ്സ് സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിച്ചുവരുന്നു. 2015-16 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

റൂസ ഫണ്ട്

13 (*403) ശ്രീ. ജി. സുധാകരൻ :

ശ്രീ. എം. എ. ബേബി :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) ഫണ്ട് ലഭ്യമാക്കുന്നതിൽ സംസ്ഥാനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) റൂസ ഫണ്ട് ലഭിക്കുന്നതിനുള്ള റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായോ ;

(സി) സ്വകാര്യ-സ്വാശ്രയ സ്ഥാപനങ്ങൾക്ക് റൂസ ഫണ്ട് നൽകുന്നുണ്ടോ ; സംസ്ഥാനത്തെ റൂസ ഫണ്ട് വിനിയോഗം, സംബന്ധിച്ച് വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പ മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) റൂസ ഫണ്ട് ലഭ്യമാക്കുന്നതിൽ സംസ്ഥാനത്തിന് വീഴ്ച സംഭവിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല. റൂസയ്ക്ക് വേണ്ടിയുള്ള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്രവിഹിതമായ 2.60 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുള്ളത്. ഈ തുക റൂസയ്ക്ക് വേണ്ടിയുള്ള ട്രഷറി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 140 ലക്ഷം രൂപ റൂസയ്ക്ക് വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ 12 ലക്ഷം രൂപ റൂസ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly